പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3079 15.12.15 ൽ – മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാനിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം<br>,, റ്റി. വി. രാജേഷ്<br>,, വി. ചെന്താമരാക്ഷൻ<br>,, എസ്. രാജേന്ദ്രൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിനുളള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; | (എ) | ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ, പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര സംവിധാനം എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ രൂക്ഷ വിമർശനം ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിനുളള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്നു വരെയാണ് സംസ്ഥാനത്തിന് സമയം പുതുക്കി അനുവദിച്ചി ട്ടുളളത്; | (സി) | സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് സംസ്ഥാനത്ത് 1/4/2016 മുതൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമയപരിധിക്കുള്ളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സബ്സിഡി നിരക്കിൽ റേഷൻ കിട്ടാത്ത അവസ്ഥ ഉണ്ടാകും എന്നത് അറിവുളളതാണോ; | (ഡി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 31.03.2016-നകം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 31.03.2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട സബ്സിഡി ധാന്യങ്ങൾ നഷ്ടപ്പെടുകയില്ല. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളും റേഷൻ പരിധിക്ക് പുറത്താകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ അടിസ്ഥാനത്തിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേരളത്തിന് ലഭ്യമാകുന്നത്. മുൻഗണനാ വിഭാഗത്തിൽപെടുന്ന ജനങ്ങൾക്ക് 10.13 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. അവശേഷിക്കുന്ന 4.12 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പൊതുവിഭാഗം റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യാൻ സാധിക്കും. എന്നാൽ 16.24 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിന് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഇത് കഴിഞ്ഞ 3 വർഷത്തെ വിട്ടെടുപ്പിന്റെ ശരാശരിയാണ്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇത് നേടിയെടുക്കാനുള്ള ശ്രമത്തിലാണ്. |
| (എഫ്) | എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ ? | | |

Thulasi

*സെക്ഷൻ ഓഫീസർ*